


# 2019 -20

## താളുകളിലേയ്ക്ക്...

OUR SCHOOL.......................................................................................................3
OUR HEADMISTRESS........................................................................................5
STUDENT EDITORS..........................................................................................6
ആശംസകൾ.............................................................................................................7
അമ്മ ഏകയാണിവിടെ.........................................................................................8
വേർപിരിയലിന്റെ പിണക്കം...............................................................................9
സൗഹൃദം..............................................................................................................10
പറയാതെപോയത്..................................................................................................11
പ്രകൃതി സംരക്ഷണം..........................................................................................12
കടവും തോണിയും...............................................................................................13
എന്റെ അമ്മയ്ക്ക് വേണ്ടി.......................................................................................14
തേനീച്ചയുണ്ട് സൂക്ഷിക്കുക.................................................................................15
വേലി കെട്ടിയാലും എങ്ങനെയും ഇവർ അകത്തുകയറും എന്താണൊരു മാർഗ്ഗം? ചിന്നൻ കറുമ്പികാക്കയെ കാണാൻ തീരുമാനിച്ചു. വിവരമറിഞ്ഞ കറുമ്പികാക്ക പറഞ്ഞു വിഷമിക്കേണ്ട എന്റെ സുഹൃത്ത് മൂളൻ തേനീച്ചയും സംഘവും കൂടുകൂട്ടാനുള്ള തിരക്കിലാണ് അവൻ ഒരു പറ്റിയ സ്ഥലം തിരക്കിനടക്കുകയാണിപ്പോൾ നിന്റെ പൂന്തോട്ടത്തിലെ മരത്തിൽ കൂടുകൂട്ടാൻ പറയാം. ആരെങ്കിലും തോട്ടത്തിൽ കയറിയാൽ അവരോടിച്ച കൊള്ളും.......................................................................................................15
ഒഴുകുന്ന നദി.......................................................................................................16
FLOOD..................................................................................................................17
മാതൃസ്നേഹം......................................................................................................18
സന്ദേശങ്ങൾ.........................................................................................................19
ലിറ്റിൽ കൈറ്റ്സ് - 2018-2020.......................................................................20
ലിറ്റിൽ കൈറ്റ്സ് - 2019 -2021......................................................................21
ലിറ്റിൽ കൈറ്റ്സ് - 2020 -2022......................................................................22

# OUR SCHOOL


തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
ഗവ:എച്ച്. എസ്. പോങ്ങനാട്
അഡ്വ-ബി.സത്യൻ MLA യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം
ഗവ:എച്ച്.എസ്. പോങ്ങനാട്
2014-15
ഗവ: എച്ച്.എസ്.പോങ്ങനാട്
Full A+ - 14
9A+ - 1
8A+ - 4
വിജയികൾക്ക് അഭിനന്ദനങ്ങൾ
2018 - 19 വർഷത്തേയ്ക്കുള്ള അഡ്മിഷൻ തുടരുന്നു.

# OUR HEADMISTRESS



**INDIRA AMMA K**

## STUDENT EDITORS










AMRITHA
SREESHAJ
GOURINANDANAN
SUJITH
JITHESH
SUHAIL
ATHIRA

# ആശംസകൾ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ "തൂലിക" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു .വിദ്യാർത്ഥികളുടെ പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുടെയും സാങ്കേതിക തികവിന്റെയും പ്രതിഫലനം കൂടിയാണ് ഈ മാഗസിൻ .ഇതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ കുട്ടികൾക്കും അവരെ നയിച്ച അദ്ധ്യാപകർക്കും ഹൃദ്യമായ ആശംസകൾ അർപ്പിച്ചുകൊള്ളുന്നു

ഇന്ദിര അമ്മ കെ

**ഹെഡ്മിസ്ട്രസ്**

# അമ്മ ഏകയാണിവിടെ

മക്കളായി മൂന്നുപേരുണ്ടെങ്കിലും.......
അമ്മ  ഏകയാണേകയാണീ  ഊഴിയിൽ
അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മ
ഭാരമായി തീർന്നുവോ മക്കൾക്കെല്ലാം....
നാഴൂരിമണ്ണും പകുത്തെടുത്ത് മക്കൾ
മൂന്നുവഴിക്കായ് പിരിഞ്ഞുപോയി
അച്ഛനുറങ്ങുന്ന ഈ മണ്ണിൽ
ഏകയായിഅമ്മ മാത്രം......
പോറ്റി വളർത്തിയ മക്കൾക്കെല്ലാം
ഭാരമായ് തോന്നുന്നുവോ എന്നമ്മയെ.......
അമ്മയ്ക്ക് കൂട്ടായി
അച്ഛനുറങ്ങുന്ന മണ്ണിൽ
അച്ഛന്റെ യാത്മാവു മാത്രം
അച്ഛന്റെ യാത്മാവു മാത്രം................

സ്മൃതി .എസ്.എസ്

**8A**

# വേർപിരിയലിന്റെ പിണക്കം

വിണ്ണിലെ അർക്കൻ സ്മരിക്കുന്ന താരതോഴൻ ചന്ദ്രനോട് പിണക്കം കാരണം

മണ്ണിന്റെ കുളിരാം മഴയ്ക്ക്

ഉഷ്ണം പരത്തും വെയിലിനോട്

കാറ്റ് പുണരും കടലിനോട് കരയ്ക്ക് പിണക്കം...

മാമ്പഴത്തിൽ പിണങ്ങിയമ്മയും ബാലനും മാമ്പൂവിനായി,കാലം കഴിഞ്ഞീടിന്നു തെല്ലിട അമ്മയ്ക്കും മകനും പിന്നീട് കഴിഞ്ഞില്ല പിണങ്ങാൻ

ഒരിക്കലും കഴിഞ്ഞില്ല,വിധി കൊണ്ടു പോയി പിണങ്ങിയ ബാലനെ

ഇന്നും പിണങ്ങി.അമ്മ ഓർക്കുന്നു പിണങ്ങി പിരിഞ്ഞ തൻ ബാലനെ

ആദിത്യാ അരവിന്ദ്

# സൗഹൃദം

പിരിയുന്ന മനസ്സിലെ നീറ്റലായി
ഒടുവിലെൻ ഹൃദയത്തിൻ തേങ്ങലായി
വരുന്നുവെൻ മനസിലാ സൗഹൃദം
ഓർമകൾ തൻ ഓളങ്ങൾ തിരതല്ലുമീ
കലാലയഭൂമിയിൽ,വന്നുനിൻ
ഓർമകളെന്നിലായി,പിരിയുമോ
നിമിഷം നിന്നാർദ്രമാം സ്പർശനം
ഒരു തേങ്ങലായിയെന്നെ പുണരുന്നു
ഒരു വാക്കാൽ ചേരുമീ ഹൃദയങ്ങൾ
പിരിയുകയാണീ നിമിഷം

‘സൗഹൃദം''

സാബിർ

**9A**

# പറയാതെപോയത്

അമ്മയോടന്ന് പിണങ്ങി പിരിഞ്ഞതെൻ

അക്ഷരതെറ്റെന്നിതോർക്കുന്നിതാ ഞാൻ. കഷ്ടതയൊത്തിരി താണ്ടിയതാണെന്നമ്മ

കഷ്ടപ്പാടും കഴിഞ്ഞീവഴി പോകയാണെന്നമ്മ

അമ്മയോടന്ന് പിണങ്ങി പിരിഞ്ഞതു എൻ അക്ഷരതെറ്റെന്നിതോർക്കുന്നിതാ

ഞാൻ. ഇന്നില്ല എൻ അമ്മ പിണങ്ങുവാൻചാരെ കഴിയില്ല എനിക്കിനി

അമ്മയെ കാൺമാൻ കഴിയുമോ എനിക്കാ പരിഭവം മാറ്റാൻ.ഇനിഞാൻ

പിണങ്ങില്ല ഒരിക്കലും അമ്മേ... ഇനി ഞാൻ പറയുന്നു വരുമോയെൻ അരികെ

അമ്മയോടന്ന പിണങ്ങി പിരിഞ്ഞതിൻ

ദുഃഖവും പേറി വരുന്നു ഞാൻ നിൻചാരെ.

ദുഃഖവും പേറി വരുന്നിതാ നിൻ ചാരെ.

# പ്രകൃതി സംരക്ഷണം

"ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി"

കവികൾ ദീർഘദർശികളാണെന്ന് പറയാറുണ്ട്.ആ ദീർഘദർശനത്തിന്റെ പ്രതിഫലനമാണ് ഈ വരികളിൽ വ്യക്തമാകുന്നത്.ഭൂമി മരിച്ചു കൊണ്ടിരിക്കുകയാണ്.എന്നാൽ അതിന് പതിൻമടങ്ങ് വേഗത്തിൽ മനുഷ്യനും കോടാനുകോടി സസ്യജന്തുജാലങ്ങളും കേന്ദ്രമായ പ്രകൃതിയും അതിന്റെ ഒരു സൃഷ്ടി കാരണം ഇന്ന് അല്പാൽപ്പമായി നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ് മനുഷ്യൻ പ്രകൃയുടെ ഉത്തമ സൃഷ്ടിയാകുന്നതിൽ തർക്കമില്ല.എന്നാൽ. നിലവിലുള്ള ആവാസവ്യവസ്തകളുടെ നില നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന തരത്തിൽ അവൻ തന്റെ പ്രവർത്തനങ്ങൾ തുടരുന്നു.

ആധുനിക മനുഷ്യന്റെ ലോകം റോക്കറ്റ് വേഗത്തിൽ കുതിച്ചു കൊണ്ടിരുന്നു.അത് കൂടുതൽ യാന്ത്രികതയിലേക്ക് നീങ്ങികൊണ്ടിരിയക്കുന്നു പണം കൊടുത്തു വാങ്ങി കൂട്ടുന്ന ആധുനിക സൗകര്യങ്ങളിലും കെട്ടിഉയർത്തുന്ന കോൺക്രീറ്റ്സാധനങ്ങളിലും സുഖസന്തോഷങ്ങൾകണ്ടെത്തുവാൻ ശ്രമിയ്ക്കുന്ന വെറുമൊരു മൃഗമായി അവൻ മാറി...

# കടവും തോണിയും..

പുഴവന്ന് വിളിച്ചത് പോലൊരു തോന്നൽ...
ഏകാനായൊരു തോണി വിതുമ്പുന്നു കടവിൽനിന്നും
നിന്നോളങ്ങളിൽ ഞാൻ നൃത്തചെയ്ത ദിനമന്നു-
യാനന്ദഭവിച്ച നിന്നെക്കാൾ മധുരം...
പുഴപാടിയുറക്കിയൊരോളങ്ങൾ ഇനിയില്ലല്ലോ
പുഴയോരം കുഞ്ഞുകിടാങ്ങൾ ഇനിയില്ലല്ലോ
പുഴയോരം കുഞ്ഞുകിടാങ്ങൾ തൻ-
കളിമേളമില്ലല്ലോ...
ഏകനായൊരു തോണി വിതുമ്പുന്നു കടവിൽ നിന്നു

സൂര്യരശ്മിയാൽ എൻ നിഴൽ നിന്നിൽ പതിക്കവേ
നാമെന്നും ഒരു നിഴൽ നിന്നിൽ പതിക്കവേ
ഇന്നു ഞാൻ കടവത്ത് ഏകനായിരിക്കവേ
പാട്ടില്ലാതെ...
ഇരുളിൽ ചിതകാത്തുകിടക്കും
ഒരു പക്ഷിപോലെൻ ജന്മം.
നിന്നഭാവാവത്തിൽ ഞാൻ
ഏകനാകുന്നു സദാ...

അശ്വനി.വി

**10.എ**

# എന്റെ അമ്മയ്ക്കു വേണ്ടി

വേദവാക്യം നരനൊന്നേ അത്
മാതൃവാക്യം തന്നെ;
അതിനെ മറന്നാൽ അപജയമാകും
അറിയുക നീ... അറിയുക നീ...
പോറ്റി വളർത്തിയ മാതാവിനെ
നീ പിരിഞ്ഞുപോകാതെ
ഉറ്റവരായില്ലാരുമീ പാരിൽ
മാതാവല്ലാതെ... മാതാവല്ലാതെ...
നീ വഴി തെറ്റുകിൽ മാതാവിൻ കരൾ
നീറുന്നത് നീ അറിയുന്നോ... നീ അറിയുന്നോ...
നീ വന്നവഴി ഒന്നതിരിഞ്ഞ്
നോക്കു കാണാം നിനക്ക്
അമ്മയുടെ നൊമ്പരത്തിൻ
കണ്ണീർ കയ്പ്.
അമ്മ എന്ന രണ്ടക്ഷരം പറയും
തീഷണതയുടേയും വേദനയുടെയും
'മധുര നൊമ്പരം'.

suryachandran.s.p
**9.A**

# തേനീച്ചയുണ്ട് സൂക്ഷിക്കുക

വേലി കെട്ടിയാലും എങ്ങനെയും ഇവർ അകത്തുകയറും എന്താണൊരു മാർഗ്ഗം? ചിന്നൻ കറുമ്പികാക്കയെ കാണാൻ തീരുമാനിച്ചു. വിവരമറിഞ്ഞ കറുമ്പികാക്ക പറഞ്ഞു വിഷമിക്കേണ്ട എന്റെ സുഹൃത്ത് മൂളൻ തേനീച്ചയും സംഘവും കൂടുകൂട്ടാനുള്ള തിരക്കിലാണ് അവൻ ഒരു പറ്റിയ സ്ഥലം തിരക്കിനടക്കുകയാണിപ്പോൾ നിന്റെ പൂന്തോട്ടത്തിലെ മരത്തിൽ കൂടുകൂട്ടാൻ പറയാം. ആരെങ്കിലും തോട്ടത്തിൽ കയറിയാൽ അവരോടിച്ചു കൊള്ളും.

കാക്കയുടെ ആശയം ചിന്നന് ആശയമായി. അവർ മൂളനെ പോയി കണ്ട് കാര്യം പറഞ്ഞു. അങ്ങനെ മൂളനും സംഘവും ചിന്നന്റെ തോട്ടത്തിൽ കൂടുകൂട്ടി പൂന്തോട്ടത്തിന് ചുറ്റും അവൻ വേലിയും കെട്ടി. മുന്നിൽ ഒരു ബോർഡും വച്ചു
"തേനീച്ചയുണ്ട് സൂക്ഷിക്കുക".
പിറ്റേ ദിവസം ചിന്നനില്ലാത്ത സമയം നോക്കി അയലത്തെ പെൺ കുട്ടികൾ തോട്ടത്തിലെത്തി.ബോർഡ് കണ്ടെങ്കിലും അവർ അത് കാര്യമാക്കിയില്ല. അവരെ പറ്റിക്കാനുള്ള ചിന്നന്റെ കളിയാണെന്ന് അവർ കരുതി. വേലി തുറന്ന് അകത്തെത്തിയതും മൂളനും സംഘവും പറന്നെത്തി. പെൺകുട്ടികൾ ജീവനും കൊണ്ടോടി. അതിനു ശേഷം ചിന്നന്റെ തോട്ടത്തിൽ ആരുംകയറിയിട്ടില്ല.

മനോഹരമായ ആ പൂന്തോട്ടത്തിന്റെ ഭംഗി എല്ലാവരും പുറത്ത് നിന്ന് അനുഭവിച്ചു. സന്തോഷവാനായ ചിന്നൻ ആ പൂന്തോട്ടത്തിൽ ധാരാളം നല്ല ഭംഗിയുള്ള പൂക്കൾ വച്ചു പിടിപ്പിച്ചു

ശിവപ്രിയ ബി .എം **8A**

# ഒഴുകുന്ന നദി

നീ ഒഴുകുന്നത് എവിടേക്ക് ?
ഭൂമിതൻ മാറിലൂടെ നീ എവിടേക്ക് പായുന്നു.
നിൻ കളിക്കൂട്ടുകാരാം പൂവീനരുകിലേക്കോ.
കളകളാരവം കേൾക്കാൻ കാതോർത്തിരിപ്പൂ ഞാൻ.
പൂനിലാവിലും നിന്നഴകിന് എന്തുഭംഗി.
എന്നിട്ടും നിൻ മിഴി നിറഞ്ഞുവോ?
നിറഞ്ഞു മെലിഞ്ഞു നീ
ആലതല്ലി ഒഴുകിയെത്തുന്നത്.
നിൻ ആമ്മതൻ അരികിലേക്കോ

അകലയോ....

ശിവപ്രിയ.ബി.എം

**8 എ**

# FLOOD

In front of my house
I saw a terrible flood
It came into my house
On a cloudy wednesday
Things a floating here and there.
My book my dress all are there.
Frightened and shocked,
I cried aloud
Rushed to my mom and
I hugged her tight.
She kissed me and comforted me.
With her tender words and gentle pat.

ARATHI.A

# മാതൃസ്നേഹം

*നെഞ്ചിലെ പാലാഴി എന്നിലേക്കിറ്റിച്ച്*

*പുഞ്ചിരി തൂകുന്നതമ്മ...............*

*മുന്നോട്ട് ഞാനെന്റെ കാലടികൾ വയ്ക്കുമ്പോൾ*

*മുന്നിലൊരു പ്രാർത്ഥനയമ്മ*

*കൈവന്നതൊക്കെ കളഞ്ഞുപോയി നിൽക്കുമെൻ*

*കണ്ണീർ തുടപ്പതും അമ്മ*

*കണ്ണീർ തുള്ളിപോൽ അമ്മ*

*അതിലെ പുഞ്ചിരി പൂക്കളാണമ്മ*

*ഉള്ളിലെ കരുതലാണമ്മ*

*മണ്ണിലെ നേരിന്റെ സ്നേഹമാണമ്മ*

*കൈവിട്ടുപോകല്ലെ*

*കണ്ണീരു തൂകല്ലെ*

*കാലമെൻ കൈകളിൽ*

*കാണിക്കയായി തന്ന*


*പുണ്യമാണെന്നുമെന്നമ്മ*

*എൻ പുണ്യമാണെന്നുമെന്നമ്മ .*

***മിഥുന 8A***

# സന്ദേശങ്ങൾ


നിങ്ങൾക്ക് ഒരു
സൂര്യനെപ്പോലെ
തിളങ്ങണമെങ്കിൽ,
ആദ്യം സൂര്യനെപ്പോൽ
കത്തിജ്ജ്വലിക്കുക..
www.AllQuotesIcon.com


സൗഹൃദമാണ്
നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ
നിങ്ങളാണ്
ലോകത്തിലെ ഏറ്റവും വലിയ ശക്തൻ

# ലിറ്റിൽ കൈറ്റ്സ് - 2018-2020



# ലിറ്റിൽ കൈറ്റ്സ് - 2019 -2021



# ലിറ്റിൽ കൈറ്റ്സ് - 2020 -2022




നന്ദി .....
വാക്കുകൾക്കപ്പുറം.... ഈ നിമിഷം
വരെ കൂടെ നിന്നവർക്കായി...
YourQuote.in